# പത്രക്കുറിപ്പ്

## ജില്ലയിലെ PFI കേന്ദ്രങ്ങളിലും പ്രവർത്തകരുടെ സ്ഥാപനങ്ങളിലും പോലീസ് റെയ്ഡ് നടത്തി

പോപ്പുലർ ഫ്രണ്ട് ഓഫ് ഇൻഡ്യ സംസ്ഥാനത്തുടനീളം പ്രഖ്യാപിച്ച ഹർത്താലുമായി ബന്ധപ്പെട്ടുള്ള അക്രമ സംഭവങ്ങളെ തുടർന്നുള്ള പോലിസ് നടപടിപടിയുടെ ഭാഗമായി ഇന്ന് 27.09.2022 തിയ്യതി ജില്ലയിലെ PFI യുടെ 5 കേന്ദ്രങ്ങളിൽ മാനന്തവാടി DYSP യുടെ നേതൃത്വത്തിൽ റെയ്ഡ് നടത്തി. മാനന്തവാടി പോലിസ് സ്റ്റേഷൻ പരിധിയിലെ എരുമത്തെരുവിലുള്ള PFI ജില്ലാ ഓഫീസിലും, PFI പ്രവർത്തകനായ സലീം എന്നയാളുടെ S& S ടയറു കടയിലും, വെള്ളമുണ്ട സ്റ്റേഷൻ പരിധിയിലെ പിച്ചംകോട് എന്ന സ്ഥലത്തുള്ള PFI സാംസ്കാരിക കേന്ദ്രത്തിലും, പനമരം സ്റ്റേഷൻ പരിധിയിലെ അഞ്ചുകുന്നിൽ PFI പ്രവർത്തകർ നടത്തുന്ന തടി മില്ലിലും, തലപ്പുഴ സ്റ്റേഷൻ പരിധിയിലെ പേരിയാ ടൌണിൽ PFI പ്രവർത്തകനായ അബ്ദുൾ അസീസ് എന്നയാളുടെ PV RENT STORES എന്ന കടയിലുമാണ് റെയ്ഡ് നടത്തിയത്. മാനന്തവാടി എരുമത്തെരുവിലുള്ള PFI ജില്ലാ ഓഫീസിൽ നിന്നും 4 ലഘു ലേഖകളും, സലീം എന്നയാളുടെ S & S ടയറു കടയിൽ നിന്നും 4 വടി വാളുകളും കണ്ടെത്തിയിട്ടുള്ളതാണ്.

മാനന്തവാടിലെ PFI പ്രവർത്തകനായ സലീം എന്നയാളുടെ S& S ടയറു കടയിൽ നിന്നും 4 വടി വാളുകൾ കണ്ടെത്തതുമായി ബന്ധപ്പെട്ട് മാനന്തവാടി പോലീസ് സ്റ്റേഷനിൽ ആയുധ നിയമ പ്രകാരമുള്ള വകുപ്പുകൾ ചേർത്ത് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ കേസ്സിലേക്ക് ഷാഹുൽ (19), പഞ്ചാരക്കൊല്ലി എന്നയാളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.